# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3865

24.06.2014-ൽ മറുപടിക്ക്

## ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ്:<br>,, പി. സി. വിഷ്ണുനാഥ്:<br>,, ഡൊമിനിക് പ്രസന്റേഷൻ:<br>,, അൻവർ സാദത്ത്: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗൃഹശ്രീ ഭവന നിർമ്മാണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) തുടക്കം കുറിച്ചിട്ടുണ്ട്. 2013 ലെ ഗവർണറുടെ നയ പ്രഖ്യാപന പ്രസംഗത്തിലൂടെയും ബജറ്റ് പ്രസംഗത്തിലൂടെയും പ്രഖ്യാപിച്ച ഗൃഹശ്രീ ഭവന പദ്ധതിയ്ക്കായി 2013-14 വർഷത്തെ സർക്കാർ ബജറ്റിൽ 1050 ലക്ഷം രൂപയും 2014-15 വർഷത്തെ സർക്കാർ ബജറ്റിൽ 1419 ലക്ഷം രൂപയും സർക്കാർ സബ്സിഡിയായി വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് 1234 വീടുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) പദ്ധതി വഴി എന്തെല്ലാം ധനസഹായങ്ങളാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്; വിശദമാക്കാമോ; | (ബി)യും (സി)യും സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമി കൈവശമുള്ള ദുർബല വിഭാഗം (BPL/APL)/ താഴ്ന്ന വരുമാന വിഭാഗക്കാർക്ക് സന്നദ്ധ സംഘടന/NGO/കാരുണ്യവാൻമാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 60 ച.മീ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനായി സർക്കാർ സബ്സിഡിയായി 2 ലക്ഷം രൂപ ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. സർക്കാർ വകയിരുത്തിയ സബ്സിഡി തുക വിനിയോഗിച്ച് 1234 പേർക്ക് ഭവനം നിർമ്മിക്കുവാൻ സാധിക്കുന്നതാണ്. വീട് നിർമ്മാണത്തിനുള്ള ബാക്കി തുകയിൽ 1 ലക്ഷം രൂപ ഗുണഭോക്താവിനെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനാ വിഹിതമായും വീട് പൂർത്തീകരിക്കാനാവശ്യമായ ബാക്കി തുക ഗുണഭോക്തൃ വിഹിതവുമായും കണ്ടെത്തേണ്ടതാണ്. |

| | | | |
|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

ലെ. 3865 24/06/14

# അനുബന്ധം

## ഗൃഹശ്രീ ഭവന പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം

ഗൃഹശ്രീ ഭവന പദ്ധതിയ്ക്ക് 26.08.2013 ലെ സ.ഉ(എം.എസ്)21/2013/ഭവനത്തിലൂടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ 1 ലക്ഷം രൂപയും, അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവർ 1 ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. സർക്കാർ സബ്സിഡിയായി 2 ലക്ഷം രൂപ നൽകുന്നതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളിലായി ഗുണഭോക്താക്കൾക്ക് അനുവദിയ്ക്കുന്നതാണ്. ഗൃഹശ്രീ ഭവന പദ്ധതിയ്ക്ക് സർക്കാർ ഓരോ വർഷവും ബഡ്ജറ്റിലൂടെ അനുവദിക്കുന്ന ധനസഹായത്തിന്റെ (സബ്സിഡി) തോതിനെ അനുസരിച്ചായിരിക്കും ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്നത്. ഒന്നാം ഘട്ടമെന്ന നിലയിൽ 525 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 10.50 കോടി രൂപ ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഒന്നാം ഘട്ടമെന്നനിലയിൽ സ്പോൺസർ ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ചതു പ്രകാരം 14 ജില്ലകളിലായി സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരിൽ നിന്നും ലഭിച്ച യോഗ്യരായ 525 ഗുണഭോക്താക്കൾക്കുള്ള സ്പോൺസർമാരെ ബോർഡ് തെരഞ്ഞെടുത്തിട്ടുണ്ട്. ടി 525 പേർക്കും ഉള്ള സ്പോൺസർഷിപ്പ് അടച്ച് ബോർഡുമായി ധാരണപത്രം ഒപ്പുവച്ച സ്പോൺസർമാർ നിർദ്ദേശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വിവരം ബോർഡിലെ ബന്ധപ്പെട്ട ഡിവിഷൻ ഓഫീസുകളിലേയ്ക്ക് അയയ്ക്കുകയുണ്ടായി. ഗുണഭോക്താവിൽ നിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ ബോർഡ് നിഷ്കർഷിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നുറപ്പുവരുത്തി ധനസഹായം അനുവദിച്ചുവരുന്നു. ഇപ്രകാരം ഗുണഭോക്തൃവിഹിതം അടച്ച 297 പേരിൽ 281 പേർക്ക് ഒന്നാം ഗഡുവും, 124 പേർക്ക് രണ്ടാം ഗഡുവും, 35 പേർക്ക് മൂന്നാം ഗഡുവും, 6 പേർക്ക് നാലാം ഗഡുവും നൽകിയിട്ടുണ്ട്. സന്നദ്ധ സംഘടനയുടെ സഹകരണത്തോടെ നടപ്പിലാക്കാൻ വിഭാവന ചെയ്ത ഈ പദ്ധതി വിജയപ്രദമാക്കുക എന്ന ഉദ്ദേശത്തോടെ വിപുലമായ പത്ര പരസ്യം നൽകി സന്നദ്ധ സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുകയുണ്ടായി. ഇതു പ്രകാരം 537 വ്യക്തികളും 477 സംഘടനകളും കൂടി 15,271 വീടുകൾ സ്പോൺസർ ചെയ്തിട്ടുണ്ട്. 2014 -15 വർഷത്തിൽ പദ്ധതിയ്ക്കായി 1419 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുകകൾ വിനിയോഗിച്ച് 1234 വീടുകൾക്ക് സബ്സിഡി നൽകാവുന്നതാണ്.